പരാധീനതകളുമായി മൂന്നാറിലെ അഗ്നിശമനസേനാ വിഭാഗം

മൂന്നാർ:ജീവനക്കാരുടെ കുറവും അടിസ്ഥാനസൗകര്യങ്ങളില്ലാത്തതും കാരണം മൂന്നാറിലെ അഗ്നിശമനസേനാ വിഭാഗം വലയുന്നു. വേനൽ കടുത്തതോടെ തുടർച്ചയായുണ്ടാകുന്ന കാട്ടുതീ അണയ്ക്കുന്നതിനും അപകടസ്ഥലങ്ങളിൽ രക്ഷാപ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനും ഇതുമൂലം കഴിയുന്നില്ല.

1990-ൽ മൂന്നാറിൽ അനുവദിച്ച ഫയർസ്റ്റേഷൻ ടൗണിൽനിന്ന് നാലുകിലോമീറ്റർ ദൂരെ നല്ലതണ്ണിയിലെ കെട്ടിടത്തിലാണ് പ്രവർത്തനം ആരംഭിച്ചത്.

പൊട്ടിപ്പൊളിഞ്ഞതും ചോർന്നൊലിക്കുന്നതുമായ ഈ കെട്ടിടത്തിലാണ് ഇപ്പോഴും സ്റ്റേഷന്റെ പ്രവർത്തനം. ക്വാർട്ടേഴ്സ്സൗകര്യം ഇല്ലാത്തതിനാൽ ജീവനക്കാർ താമസിക്കുന്നതും ഇവിടെത്തന്നെ.

സ്റ്റേഷൻഓഫീസർക്കും അസി. സ്റ്റേഷൻ ഓഫീസർക്കും ഓരോ ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ടെങ്കിലും അത് ഉപയോഗശൂന്യമായിക്കിടക്കുന്നതിനാൽ അവരും സ്റ്റേഷനിൽത്തന്നെയാണ് താമസിക്കുന്നത്.

ടൗണിൽ പഞ്ചായത്ത് ഓഫീസിന് സമീപം ഫയർസ്റ്റേഷനായി സ്ഥലം അനുവദിച്ചിട്ട് അഞ്ചുവർഷമായെങ്കിലും ഇതുവരെ അളന്നുതിരിച്ച് കൈമാറാൻ നടപടിയായിട്ടില്ല .

മൊത്തം 38 ജീവനക്കാരുടെ തസ്തികയാണിവിടെയുള്ളതെങ്കിലും നിലവിൽ 18 പേർ മാത്രമാണ് ഉള്ളത്. 24 ഫയർമാൻമാർ വേണ്ടിടത്ത് എട്ടുപേരാണുള്ളത്. ഏഴു ഡ്രൈവർമാർ വേണ്ടിടത്ത് ഉള്ളത് മൂന്നുപേരും. ഇതിൽ ഒരാൾ മാത്രമാണ് ഒരുസമയം ഡ്യൂട്ടിയിലുള്ളത്.

തീയണയ്ക്കുന്നതിനും മറ്റുമുള്ള രണ്ടുവാഹനങ്ങൾ ഉണ്ടെങ്കിലും ഒരേസമയം രണ്ടപകടം സംഭവിച്ചാൽ ഡ്രൈവർ ഇല്ലാത്തതുമൂലം പോകാൻ കഴിയാത്ത അവസ്ഥയാണ്. കഴിഞ്ഞദിവസം നല്ലതണ്ണിയിൽ തേയിലഫാക്ടറിയിൽ തീപ്പിടിത്തമുണ്ടായപ്പോൾ കമ്പനിയിൽനിന്നുള്ള ഡ്രൈവറെത്തിയാണ് ഫയർഫോഴ്സ് വാഹനം അപകടസ്ഥലത്ത്എത്തിച്ചത്. ഈ സമയം മറ്റൊരുസ്ഥലത്ത് തീപ്പിടിത്തമുണ്ടായതിനാൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഡ്രൈവർ വാഹനവുമായി അങ്ങോട്ടു പോയിരിക്കുകയായിരുന്നു.

അഗ്നിശമനസേനാവിഭാഗത്തിന് അത്യാവശ്യംവേണ്ട ഫ്ലോട്ട്പമ്പ്, റിക്കവറി വാഹനം തുടങ്ങിയവയൊന്നും ഈ സ്റ്റേഷനിൽ ഇല്ല. ഫ്ലോട്ട്പമ്പ് ഇല്ലാത്തതുകാരണം വലിയ തീപ്പിടിത്തങ്ങൾ അണയ്ക്കുന്നതിന് കൂടുതൽ വെള്ളം ആവശ്യമായിവരുമ്പോൾ തിരിച്ച് ഫയർസ്റ്റേഷനിലെത്തി നിറയ്ക്കേണ്ട അവസ്ഥയാണ്. 4,800 ലിറ്റർ ശേഷിയുള്ള ടാങ്കർ ഘടിപ്പിച്ച വാഹനമാണ് ഇപ്പോഴുള്ളത്.

മറ്റുപല സ്റ്റേഷനുകളിലുമുള്ളതുപോലെ 7,500 ലിറ്റർ വെള്ളം ശേഖരിക്കാവുന്ന ടാങ്കർലോറി ഇവിടേക്കനുവദിക്കണമെന്നത് നിരന്തരമായുള്ള ആവശ്യമാണ്. സ്റ്റേഷനിലുള്ള മോട്ടോറും അടിക്കടി തകരാറിലാവുന്നു.

ഇവിടത്തെ ആംബുലൻസ് തകരാറിലായിട്ട് ഒന്നരവർഷമായി. ടൗണിൽനിന്ന് നാലുകിലോമീറ്റർ ദൂരെ പ്രവർത്തിക്കുന്ന ഈ സ്റ്റേഷനിൽ ഒരു ജീപ്പുപോലുമില്ല. കഴിഞ്ഞ രണ്ടരമാസത്തിനിടെ തീപ്പിടിത്തങ്ങളും മറ്റപകടങ്ങളുമായി ബന്ധപ്പെട്ട് 29 തവണയാണ് ദൂരെസ്ഥലങ്ങളിലെത്തി രക്ഷാപ്രവർത്തനം നടത്തേണ്ടിവന്നത്.

വിനോദസഞ്ചാരമേഖലയായ മൂന്നാറിൽ ടൂറിസ്റ്റുവാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് കണക്കിലെടുത്ത് റിക്കവറി വാൻ അനുവദിച്ചാൽ അത് രക്ഷാപ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സഹായിക്കും.

വോട്ട് പിന്നീട്; ആദ്യമത്സരം ഇവിടെ ചുവരെഴുത്തിന്

ആറ്റിങ്ങൽ: തിരഞ്ഞെടുപ്പുരംഗം ചടുലമായതോടെ ആറ്റിങ്ങൽ, ചിറയിൻകീഴ് മണ്ഡലങ്ങളിൽ വോട്ടിനൊപ്പം ചുവരെഴുത്തിനായും മത്സരം സജീവമായി. സ്ഥാനാർഥി പ്രഖ്യാപനം വരുന്നമുറയ്ക്ക് ചിഹ്നവും സ്ഥാനാർഥിയുടെ പേരും പതിക്കാനായി ചുവർ തേടിയുള്ള നെട്ടോട്ടത്തിലാണ് മുന്നണികൾ.

സ്ഥാനാർഥിത്വം പ്രഖ്യാപിച്ചവരാകട്ടെ കിട്ടിയ ഇടങ്ങൾ കൈയടക്കിക്കഴിഞ്ഞു. പഴയതുപോലെ, മതിലുകൾ ചുവരെഴുത്തിനായി നൽകാൻ പലരും മടിക്കുന്നുവെന്നാണ് രാഷ്ട്രീയക്കാർ പറയുന്നത്. കാരണം ചുവരെഴുതുന്നതുവരെ മതിലിന്റെ ഉടമകൾക്കൊപ്പം നിൽക്കുന്നവരെ തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ മഷിയിട്ട് നോക്കിയാൽ കിട്ടില്ലെന്നാണ് വീട്ടുകാരുടെ പരാതി.

മതിൽ കഴുകി വൃത്തിയാക്കിത്തരാമെന്ന ഉറപ്പിന്മേലാണ് ചുവരുകൾ നൽകുന്നത്. മതിൽ വൃത്തിയാക്കണമെങ്കിൽ ഉടമ സ്വന്തമായോ കൂലിക്ക് ആളിനെ നിർത്തിയോ വീണ്ടും പെയിന്റടിക്കേണ്ട സ്ഥിതിയാണ്.

അതുകൊണ്ടുതന്നെ രാഷ്ട്രീയക്കാരെ ഇത്തവണ 'മതിലിനപ്പുറം' നിർത്താനാണ് പരിപാടിയെന്നും വീട്ടുകാർ പറയുന്നു. കടുത്ത അണികൾ മാത്രമാണ് ഇതിന് അപവാദം.

ഇതിനിടെ കഴിഞ്ഞദിവസം ആറ്റിങ്ങലിൽ ഒരു മുന്നണി സ്ഥിരമായി ചുവരെഴുതിക്കൊണ്ടിരുന്ന മതിൽ മറ്റൊരു മുന്നണിക്കാർ ഇടിപ്പിച്ചു. തിരഞ്ഞെടുപ്പിനു ശേഷം ഈ മതിൽ പുനർനിർമിച്ചു തരാമെന്ന ഉറപ്പിന്മേലായിരുന്നു ഇത്. അഞ്ചുതെങ്ങ് പഞ്ചായത്തിൽ പണി പൂർത്തിയാകും മുമ്പേ മതിൽ ബുക്ക് ചെയ്തു. ബി.ജെ.പി.യുടെ നേതൃത്വത്തിലാണ് മതിൽകെട്ടി തുടങ്ങിയപ്പോൾ തന്നെ ചുവരെഴുത്തിനായി മതിൽ ബുക്ക് ചെയ്തത്.

കുട്ടനാട്ടിൽ ഡോ.കെ.സി. ജോസഫ് യു.ഡി.എഫ്. സ്ഥാനാർഥിയാവും

ആലപ്പുഴ: കുട്ടനാട്ടിൽ യു.ഡി.എഫ്. ലേബലിൽ കേരള കോൺഗ്രസ്(എം) സ്ഥാനാർഥിയായി ഡോ. കെ.സി.ജോസഫ് മത്സരിച്ചേക്കും. പാർട്ടി സ്ഥാനാർഥിലിസ്റ്റ് വൈകാതെയിറങ്ങും.

നേരത്തെ കോൺഗ്രസ്സും മാണിഗ്രൂപ്പും കൂടി നടന്ന ഉഭയകക്ഷി ചർച്ചയിൽ കുട്ടനാട് മാണി ഗ്രൂപ്പ് ചോദിച്ചിരുന്നുവെങ്കിലും നൽകാമെന്ന് കോൺഗ്രസ് ഉറപ്പു നൽകിയിരുന്നില്ല. കുട്ടനാട്ടോ പുനലൂരോ നൽകാമെന്നായിരുന്നു ധാരണ. ഇതിനിടയിൽ കുട്ടനാടിന് വേണ്ടി കോൺഗ്രസ് പിടിമുറുക്കുന്നുവെന്ന് വ്യക്തമായപ്പോൾ കുട്ടനാട്ടിലെ കേരള കോൺഗ്രസ് (എം) പ്രവർത്തകർ നടത്തിയ നീക്കം ഫലപ്രാപ്തിയിലെത്തിയെന്നാണ് സൂചന. ഒടുവിൽ പുനലൂർ കോൺഗ്രസ് എടുത്ത്, കുട്ടനാട് മാണി ഗ്രൂപ്പിന് വിട്ടുകൊടുത്തുവെന്നാണ് വിവരം. കുട്ടനാടിനുവേണ്ടി മാണിഗ്രൂപ്പ്നേതൃത്വം കാര്യമായി ശ്രമിക്കുന്നില്ലെന്ന ആക്ഷേപം പഴയ ജോസഫ് ഗ്രൂപ്പുകാർക്കുണ്ടായിരുന്നു.

ആലിശ്ശേരിയിൽ കുരിശ്ശടി കല്ലെറിഞ്ഞ് തകർത്തു

ആലപ്പുഴ: ആലപ്പുഴ നഗരത്തിൽ ആലിശ്ശേരി മുൻസിപ്പൽ കോളനിക്ക് സമീപമുള്ള സെന്റ് സെബസ്ത്യാനോസിന്റെ കുരിശ്ശടി സമൂഹവിരുദ്ധർ എറിഞ്ഞു തകർത്തു. കല്ലേറിൽ രൂപക്കൂടും തിരുസ്വരൂപവും പൂർണമായി തകർന്നു. വ്യാഴാഴ്ച രാത്രിയിലായിരുന്നു സംഭവം. കുരിശ്ശടിക്ക് നേരെയുണ്ടായ ആക്രമണത്തിന് എതിരെ വ്യാപക പ്രതിഷേധം ഉയർന്നിട്ടുണ്ട്.

പുലർച്ചെ മാലിന്യങ്ങൾ നീക്കം ചെയ്യാനെത്തിയ നഗരസഭാ ജീവനക്കാരാണ് കുരിശ്ശടി തകർന്നനിലയിൽ കണ്ടത്. ഇവർ വിശ്വാസികളെ വിവരം അറിയിച്ചു. തുടർന്ന് ഡിവൈ.എസ്.പി കെ.ബി.വേണുഗോപാലിന്റെ നേതൃത്വത്തിൽ പോലീസും ഡോഗ് സ്ക്വാഡും വിരലടയാള വിദഗ്ധരും സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു. രൂപക്കൂടിന് സമീപത്തുനിന്ന് എറിയാനുപയോഗിച്ചതെന്ന് കരുതുന്ന ഒരു വലിയ കല്ല് പോലീസ് കണ്ടെടുത്തു. പോലീസ്നായ രൂപക്കൂടിന് സമീപത്തുനിന്ന് അല്പദൂരം വടക്കോട്ട് ഓടി തിരിച്ചെത്തി.

ഒരു ഇടവേളയ്ക്കു ശേഷമാണ് നഗരത്തിലെ കുരിശ്ശടികൾക്ക് നേരെ വീണ്ടും ആക്രമണമുണ്ടായിരിക്കുന്നത്.

പാപ്പാൻ മദ്യലഹരിയിൽ;
ആനയെ നാട്ടുകാർ തളച്ചു

കടുത്തുരുത്തി: മദ്യപിച്ച് പാപ്പാൻ വഴിയിലായതോടെ ഒറ്റയ്ക്കായ ആനയെ നാട്ടുകാർ ചേർന്ന് തളച്ചു. പാഴൂർ വടക്കുംമനയിലെ 'ഗോപാലൻ' എന്ന ആനയെയാണ് നാട്ടുകാർ തളച്ചത്. മധുരവേലി പ്ലാമ്മൂട് ജങ്ഷന് സമീപം വഴിയിൽ ഒറ്റയ്ക്ക് അലഞ്ഞു തിരിഞ്ഞ ആനയെ കണ്ടത്. പാപ്പാൻ ഇവിടെനിന്ന് ഒരുകിലോമീറ്റർ അകലെ മദ്യപിച്ച് വീണുകിടക്കുന്നത് നാട്ടുകാർ കണ്ടെത്തുകയായിരുന്നു.

അപ്രോച്ച് റോഡ് നിർമാണത്തിന് വീണ്ടും തടസ്സം

പാലമുണ്ടെങ്കിലും ചങ്ങാടയാത്ര തന്നെ ശരണം

എഴുപുന്ന: തിരഞ്ഞെടുപ്പ് ചട്ടങ്ങളിൽ കുടുങ്ങിയതിനാൽ അപ്രോച്ച് റോഡ് നടപടികൾ വീണ്ടും തടസ്സപ്പെട്ടു. എഴുപുന്ന ഫെറി-കുമ്പളങ്ങി നിവാസികൾ ചങ്ങാടയാത്ര തുടരുന്നു.

അപ്രോച്ച് റോഡില്ലാത്തതിനാൽ എഴുപുന്ന-കുമ്പളങ്ങിപ്പാലം നോക്കുകുത്തിയായിട്ട് വർഷം രണ്ടു കഴിയുന്നു.

നിരന്തര പ്രക്ഷോഭങ്ങൾക്കൊടുവിൽ ഒരുകോടി അറുപതു ലക്ഷം രൂപ അപ്രോച്ച് റോഡിനായി സർക്കാർ അനുവദിച്ച ഉടനെയാണ് തിരഞ്ഞെടുപ്പ് പ്രഖ്യാപനവും നടന്നത്.

കഴിഞ്ഞ ജനുവരിയിൽ അപ്രോച്ച് റോഡ് നിർമ്മാണോദ്ഘാടനം ആരംഭിച്ച് പ്രാഥമിക പ്രവർത്തനങ്ങളും നടന്നെങ്കിലും ഇലക്ഷൻ പ്രഖ്യാപിച്ചതോടെ തുടർ നടപടികളെല്ലാം നിലച്ചു.

അപ്രോച്ച് റോഡ് നിർമ്മാണത്തിനായി പാലത്തിന്റെ ഇരുവശങ്ങളിലും നിർമ്മാണ സാമഗ്രികൾ ഇറക്കിത്തുടങ്ങിയതാണ്. പക്ഷേ നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചതോടെ ഇതെല്ലാം നഷ്ടമാകുന്ന അവസ്ഥയാണെന്ന് ആക്ഷേപമുണ്ട്. എഴുപുന്ന-കുമ്പളങ്ങി പാലം ഗതാഗതത്തിനായി സജ്ജമാകാത്തതിനാൽ എഴുപുന്ന-ശ്രീനാരായണപുരം പാലവും പൂർണ്ണമായി പ്രയോജനപ്പെടുത്താൻ പറ്റാത്ത അവസ്ഥയാണെന്ന് നാട്ടുകാർ പറയുന്നു. ഇപ്പോൾ എഴുപുന്നഫെറി-കുമ്പളങ്ങി കടത്തുകടവിൽ യന്ത്രം ഘടിപ്പിച്ച ഒരു ചെറു ചങ്ങാടമാണ് സർവ്വീസ് നടത്തുന്നത്.

എഴുപുന്ന ഫെറി-കുമ്പളങ്ങി പാലത്തിനരികിലെ ദൃശ്യം

ഓട്ടത്തിനിടെ ലോറിയുടെ കാബിൻ കത്തിയമർന്നു

തുറവൂർ: ഓടിക്കൊണ്ടിരുന്ന ലോറിയുടെ കാബിനിൽ തീപിടിച്ചു. ഡ്രൈവറും ക്ലീനറും അത്ഭുതകരമായി രക്ഷപ്പെട്ടു.

ദേശീയപാതയിൽ കോടംതുരുത്തിനു സമീപം പുലർച്ചെ രണ്ടുമണിയോടെയായിരുന്നു സംഭവം. ഡ്രൈവറും ക്ലീനറും ഇരുന്നിരുന്ന സീറ്റടക്കം കാബിനിലെ സകലതും കത്തിയമർന്നു. കൊല്ലം ചവറയിൽനിന്ന് കളമശേരിയിലേക്ക് കരിമണൽ കയറ്റി പോകുകയായിരുന്ന ലോറിക്കാണ് തീപിടിച്ചത്. കുത്തിയതോടിന് സമീപമെത്തിയപ്പോൾ എൻജിൻ ഭാഗത്തുനിന്ന് അസാധാരണമായ ചൂട് അനുഭവപ്പെടുകയും പുക ഉയരുകയും ചെയ്തു.

ഇതേത്തുടർന്ന് 500 മീറ്റർ അകലെമാറി ലോറി നിർത്തിയ ഉടനെ കാബിനിൽ തീ ആളിപ്പടരുകയായിരുന്നു. ചാടിയിറങ്ങിയ ഡ്രൈവറും ക്ലീനറും സമീപത്തെ വീട്ടുകാരെ വിളിച്ചുണർത്തി വെള്ളമൊഴിച്ചു കെടുത്താൻ ശ്രമിച്ചെങ്കിലും വിഫലമായി.

തുടർന്ന് ചേർത്തലയിൽ നിന്നെത്തിയ അഗ്നിശമന സേനയാണ് ലോറിയുടെ മറ്റ് ഭാഗങ്ങളിലേക്ക് തീപടരാതെ കാബിനിലെ തീ അണച്ചത്. ആലപ്പുഴയിൽനിന്ന് അഗ്നിശമന സേനയുടെ മറ്റൊരു യൂണിറ്റും സംഭവസ്ഥലത്തെത്തി. കുത്തിയതോട് പോലീസും സ്ഥലത്തുണ്ടായിരുന്നു.

ബാറ്ററിയിൽനിന്നോ മറ്റോ ഉള്ള ഷോർട്ട്സർക്യൂട്ടാണ് തീപ്പിടിത്തത്തിന്റെ കാരണമെന്നാണ് പ്രാഥമികനിഗമനം. വണ്ടി ഓടിച്ചിരുന്ന ചവറ കൊല്ലശേരിത്തറ തുളസീദാസ്, ക്ലീനർ അൻസാർ എന്നിവർ വണ്ടിയിൽനിന്നിറങ്ങി നിമിഷങ്ങൾക്കുള്ളിലാണ് തീ പിടിച്ചത്.

ലോറിയുടെ എൻജിന്റെ കുറേ ഭാഗങ്ങളും കത്തിയിട്ടുണ്ട്. മുൻഭാഗത്തെ ടയറുകളും ഭാഗികമായി കത്തി. കരുനാഗപ്പള്ളി ചാലയം കലാമിൻേറതാണ് ലോറി.

അണ്ണായിക്കണ്ണം
മഹാദേവക്ഷേത്രത്തിൽ
ഉത്സവവും സർപ്പപൂജയും

മുതലക്കോടം:അണ്ണായിക്കണ്ണം മഹാദേവക്ഷേത്രത്തിൽ ഉത്സവവും സർപ്പപൂജയും ഏപ്രിൽ എട്ടുമുതൽ 10 വരെ നടക്കും. ഉത്സവം ക്ഷേത്രംതന്ത്രി കാവനാട് പരമേശ്വരൻ നമ്പൂതിരി, ക്ഷേത്രംമേൽശാന്തി കാരയ്ക്കമഠത്തിൽ അജിത്കുമാർ നമ്പൂതിരി എന്നിവരുടെയും സർപ്പകലശപൂജകൾ പുതുക്കുളം കേശവൻ നമ്പൂതിരിയുടെയും മുഖ്യകാർമികത്വത്തിൽ നടക്കും.

ഏപ്രിൽ എട്ടിന് വൈകീട്ട് 6.30ന് വിശേഷാൽ ദീപാരാധന, 7.30ന് മലദൈവസ്ഥാനത്ത് പ്രാർഥന, ഏപ്രിൽ ഒമ്പതിന് 4ന് സർപ്പകലശപൂജ, 7.30ന് ചാക്യാർകൂത്ത്,ഏപ്രിൽ 10ന് രാവിലെ ഒമ്പതിന് ആചാര്യവരണം, 11ന് പുരാണപാരായണം, 6.30ന്വിശേഷാൽ ദീപാരാധന, ഒമ്പതിന് ഗാനമേള.

സാങ്കേതികവിദ്യ മനുഷ്യനന്മയ്ക്കായി ഉപയോഗിക്കണം-പി.രാജീവ് എം.പി.

കോട്ടയം: സാങ്കേതികവിദ്യയുടെ നേട്ടത്തെ മനുഷ്യനന്മയ്ക്കായി ഉപയോഗപ്പെടുത്തണമെന്ന് പി.രാജീവ് എം.പി. പറഞ്ഞു.

സ്വതന്ത്രവിജ്ഞാന ജനാധിപത്യസഖ്യം (ഡി.എ.കെ.എഫ്.) സ്ഥാപകസമ്മേളനം ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം.

സാമ്രാജ്യത്വത്തെയും ചൂഷണങ്ങളെയും അടിച്ചമർത്തലുകളെയും തുറന്നുകാട്ടാൻ പുത്തൻ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

സ്വതന്ത്ര സോഫ്ട്വെയർ പ്രസ്ഥാനങ്ങളിലൂടെ അറിവിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടണമെന്നും അതുവഴി ജനകീയ അടിത്തറ വിപുലപ്പെടുത്തണമെന്നും മുഖ്യപ്രഭാഷണം നടത്തിയ എം.ജി. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. രാജൻ ഗുരുക്കൾ അഭിപ്രായപ്പെട്ടു. ഡോ. ബി.ഇക്ബാൽ അധ്യക്ഷതവഹിച്ചു.

വി.എൻ.വാസവൻ എം.എൽ.എ., ഡി.എ.കെ.എഫ്. സംസ്ഥാന കൺവീനർ ജോസഫ് തോമസ്, ടി.എസ്.എൻ. ഇളയത് എന്നിവർ സംസാരിച്ചു. തുടർന്ന് പ്രതിനിധിസമ്മേളനം നടന്നു. ഫ്രീ സോഫ്ട്വെയർ മൂവ്മെന്റ് ഓഫ് ഇന്ത്യ പ്രസിഡന്റ് ജോസഫ് തോമസ് ക്ലാസെടുത്തു.

ഭാര്യയുടെ
കൈ വെട്ടിമാറ്റി

കട്ടപ്പന:കുടുംബകലഹത്തെതുടർന്ന് ഭർത്താവ് ഭാര്യയുടെ കൈ വെട്ടിമാറ്റിയതായി കേസ്. നെറ്റിത്തൊഴു ആലുങ്കൽ സജിയുടെ ഭാര്യ ലൂസി(40)യുടെ കൈയാണ് വെട്ടിമാറ്റിയത്. ലൂസിയുടെ പണം ഉപയോഗിച്ച് സ്വത്ത്വാങ്ങിയതുസംബന്ധിച്ച തർക്കമാണ് കൈ വെട്ടിമാറ്റുന്നതിൽ കലാശിച്ചത്. തുടർന്ന് സജിതന്നെ ടാക്സിവിളിച്ച് ഭാര്യയെ കോട്ടയം മെഡിക്കൽകോളേജ് ആസ്പത്രിയിൽ എത്തിക്കുകയായിരുന്നു. ലൂസിയുടെ മൊഴിപ്രകാരം വണ്ടൻമേട് പോലീസ് കേസെടുത്തു. എന്നാൽ ആസ്പത്രിയിൽ ലൂസിയെ നോക്കാൻ സജിയല്ലാതെ മറ്റാരുമില്ലാത്തതിനാൽ പ്രതിയെ അറസ്റ്റുചെയ്തിട്ടില്ല.

ടാറിങ് വൈകുന്നു

തേക്കടി-കുമളി റോഡിൽ ഗതാഗതതടസ്സം

കുമളി: തേക്കടി-കുമളി റോഡിലെ മെറ്റൽകൂനകൾ ഗതാഗതതടസ്സം ഉണ്ടാക്കുന്നു. വർഷങ്ങളായി അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം തകർന്ന കുമളി-തേക്കടി റോഡ് ടാർചെയ്യുന്നതിനായി ഇറക്കിയ മെറ്റൽക്കൂനകളാണ് ടാറിങ് വൈകുന്നതിനാൽ ഗതാഗതതടസ്സത്തിനു കാരണമാകുന്നത്.

മാസങ്ങൾക്കുമുൻപ് ടെൻഡർചെയ്ത റോഡിന്റെ ടാറിങ്ങിനായി കരാർ ഏറ്റെടുത്തയാൾ മെറ്റൽ ഇറക്കി റോഡിലിട്ടെങ്കിലും ടാറിങ്ങിന് നടപടിയെടുക്കാത്തതുകാരണം ഇത് റോഡിൽ നിരന്നു.

ദിവസവും ആയിരക്കണക്കിന് വാഹനങ്ങൾ സഞ്ചരിക്കുന്ന ഈ റോഡിൽ നടക്കുന്ന ഓടനിർമാണത്തിനൊപ്പമാണ് ടാറിങ്ങിനായി കൊണ്ടുവന്ന മെറ്റൽ റോഡിൽ കൂടിക്കിടന്ന് ഗതാഗതത്തെ ബാധിക്കുന്നത്.

കുമളി-തേക്കടി റോഡിൽ ആനവച്ചാൽ ജങ്ഷനും അമ്പാടി ജങ്ഷനും ഇടയിലാണ് ഓടനിർമാണത്തിനൊപ്പം റോഡ് നിർമാണത്തിനെത്തിച്ച മെറ്റൽ കൂട്ടിയിട്ടിരിക്കുന്നത്.

തേക്കടി-കുമളി റോഡിൽ പലയിടത്തും വലിയ കുഴികൾ രൂപപ്പെട്ടിട്ടും ടാറിങ് വൈകുന്നതിൽ നാട്ടുകാർ പ്രതിഷേധിച്ചു.

ഇടുക്കിയിൽ ഇരുമുന്നണികളും പ്രചാരണം തുടങ്ങി

കട്ടപ്പന: ഇടുക്കി നിയോജകമണ്ഡലത്തിൽ കേരള കോൺഗ്രസ് (എം) റോഷി അഗസ്റ്റിനെയും സി.പി. എം. സി.വി.വർഗീസിനെയും രംഗത്തിറക്കാൻ തീരുമാനിച്ചതോടെ ഇരുമുന്നണികളും പ്രചാരണം തുടങ്ങി. 2006ലെ എതിരാളികൾതന്നെ വീണ്ടും ഏറ്റുമുട്ടുന്നുവെന്നതിനാൽ സ്ഥാനാർഥികൾക്ക് മണ്ഡലത്തെയും മണ്ഡലത്തിന് സ്ഥാനാർഥികളെയും പരിചിതമാണ്.

ശനിയാഴ്ച രാവിലെ സ്വന്തം നാടായ തങ്കമണിയിൽനിന്നാണ്സി.പി.എം. ജില്ലാസെക്രട്ടേറിയറ്റംഗമായ സി.വി.വർഗീസ് പ്രചാരണത്തിന്തുടക്കംകുറിച്ചത്. സി.വി.വർഗീസ് പ്രസിഡന്റായ തങ്കമണി സഹകരണ ആസ്പത്രിയിലെ ജീവനക്കാർ ആസ്പത്രി മൈതാനത്ത് സ്വീകരണം നല്കി. ആസ്പത്രിഡയറക്ടർ എം.വി. ജോർജ്, സെക്രട്ടറി ജി.സുബീഷ്, മെഡിക്കൽ ഓഫീസർ ഡോ. കെ.മോഹനൻ എന്നിവർ നേതൃത്വം നല്കി. ടൗണിൽ വോട്ട് അഭ്യർഥിച്ചശേഷം കാമാക്ഷി, വാത്തിക്കുടി, കൊന്നത്തടി പഞ്ചായത്തുകളിലെ കടകൾ കയറിയുള്ള വോട്ടഭ്യർഥനയായിരുന്നു പിന്നീടുള്ള പ്രചാരണപരിപാടി. നിയോജകമണ്ഡലം തിരഞ്ഞെടുപ്പ് കൺവെൻഷൻ തിങ്കളാഴ്ച 11ന് കട്ടപ്പനയിൽ ഉദ്ഘാടനം ചെയ്യും. സ്ഥാനാർഥിയെ ഔദ്യോഗികമായി കേരള കോൺഗ്രസ് (എം) പ്രഖ്യാപിച്ചില്ലെങ്കിലും മാർച്ച് 12ന് ചെറുതോണിയിൽ നടന്ന പാർട്ടി നിയോജകമണ്ഡലം കൺവെൻഷനോടെ റോഷി അഗസ്റ്റിനും തിരഞ്ഞെടുപ്പ് പ്രചാരണത്തിന് തുടക്കംകുറിച്ചിരുന്നു . യോഗത്തിൽ റോഷി അഗസ്റ്റിൻതന്നെയാകും സ്ഥാനാർഥിയെന്ന് പാർട്ടിചെയർമാൻ കെ.എം.മാണി സൂചിപ്പിച്ചിരുന്നു. നിയോജകമണ്ഡലത്തിലെ പ്രമുഖവ്യക്തികളെ ഇതിനകം റോഷി അഗസ്റ്റിൻ സന്ദർശിച്ചു കഴിഞ്ഞു.

ശനിയാഴ്ച സ്ഥാനാർഥിപ്രഖ്യാപനവുമായി ബന്ധപ്പെട്ട് പാർട്ടി യോഗത്തിൽ പങ്കെടുക്കാൻ റോഷി അഗസ്റ്റിൻ തിരുവനന്തപുരത്തായിരുന്നു.

നിയോജകമണ്ഡലത്തിൽ റോഷി അഗസ്റ്റിന് വോട്ടഭ്യർഥിച്ച്പോസ്റ്ററുകളും ഇതിനകം നിരന്നുകഴിഞ്ഞു.

താലപ്പൊലി, കുംഭകുട
ഘോഷയാത്ര

തൊടുപുഴ:മണക്കാട് നെല്ലിക്കാവ് ഭഗവതിക്ഷേത്രത്തിൽ മീനപ്പൂര ഉത്സവത്തോടനുബന്ധിച്ച് മണക്കാട് നരസിംഹസ്വാമിക്ഷേത്രത്തിൽ നിന്ന് താലപ്പൊലി ഘോഷയാത്രയും മുല്ലയ്ക്കൽ ശ്രീധർമശാസ്താക്ഷേത്രത്തിൽനിന്ന് കുംഭകുട ഘോഷയാത്രയും താലപ്പൊലികളുടെയും അമ്മൻകുടത്തിന്റെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടെ നടന്നു.ഈ വർഷം മുതൽ ദേവിക്ക് രഥം തയ്യാറാക്കിയാണ് എഴുന്നള്ളിപ്പ് നടത്തിയത്.

മേരികുളം സെന്റ്മേരീസ് യു.പി. സുവർണജൂബിലി ആഘോഷം തുടങ്ങി

ഉപ്പുതറ:മേരികുളം സെന്റ്മേരീസ് യു.പി. സ്കൂൾ സുവർണജൂബിലി ആഘോഷം കാഞ്ഞിരപ്പള്ളി രൂപതാ കോർപ്പറേറ്റ് മാനേജർ ഫാ. തോമസ് ഈറ്റോലിൽ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. എബ്രഹാം കഴുന്നടിയിൽ അധ്യക്ഷനായിരുന്നു. ടി.വി. താരം അഞ്ജു ജോസഫ് മുഖ്യാതിഥിയായിരുന്നു.

അയ്യപ്പൻകോവിൽ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് വിജയമ്മ ജോസഫ്, ജില്ലാപഞ്ചായത്തംഗം ജാൻസി ഷാജി, ബ്ലോക്ക്പഞ്ചായത്ത് അംഗം സുലോചന ചന്ദ്രൻ, അസി. വികാരി ഫാ. ജെയിംസ് ഒരപ്പാഞ്ചിറ, റോസമ്മ തോമസ്, ജയിംസ് നടുവിലേക്കുറ്റ്, ജയിൻമേരി ജോസ്, ഒ.വി. ജോൺ, സി.എ. ആന്റണി, പി.വി. ഷാജി, ഇ.ജെ. ബെന്നി, കൊച്ചുറാണി ജോസഫ് എന്നിവർ പ്രസംഗിച്ചു. ഹെഡ്മാസ്റ്റർ പി.ജെ. തോമസ് സ്വാഗതവും ജാൻസി ജോർജ് നന്ദിയും പറഞ്ഞു.

കരിക്കകത്ത് ഭക്തലക്ഷങ്ങൾക്ക് പൊങ്കാല പുണ്യം

തിരുവനന്തപുരം: ചരിത്രപ്രസിദ്ധമായ കരിക്കകം ചാമുണ്ഡീക്ഷേത്രത്തിൽ ഭക്തലക്ഷങ്ങൾ പൊങ്കാലയർപ്പിച്ചു. ദേവിയുടെ നക്ഷത്രമായ മീനമാസത്തിലെ മകം നാളിലായിരുന്നു പൊങ്കാല. പതിവ് പൂജകൾക്കുശേഷം രാവിലെ 10.20ന് തന്ത്രി വലിയന്നൂർ ഇല്ലത്ത്നാരായണൻ അനുജൻ നമ്പൂതിരിപ്പാട് ശ്രീകോവിലിൽ നിന്നും തെളിയിച്ച ദീപം പണ്ടാരയടുപ്പിൽ പകർന്നതോടെയാണ് പൊങ്കാല തുടക്കമായത്. തുടർന്ന് മറ്റ് അടുപ്പുകളിലേക്ക് തീ പകർന്നതോടെ ക്ഷേത്രവും ക്ഷേത്രപരിസരവും ഭക്തിസാന്ദ്രമായി. ദേവിസ്തുതികളും വാദ്യഘോഷങ്ങളും ക്ഷേത്രപരിസരത്തെ ഭക്തിസാന്ദ്രമാക്കി. ശ്രീകോവിലിൽ നിന്നും ദേവിയെ ആവാഹിച്ച ഉടവാൾ ഉച്ചയ്ക്ക് 2.30ന് പൊങ്കല കളത്തിൽ എഴുന്നള്ളിച്ച് തന്ത്രി പൊങ്കാല തർപ്പണം നടത്തിയതോടെ ഏഴു ദിവസത്തെ പൊങ്കാല ഉത്സവത്തിന് സമാപനമായി. പൊങ്കാല അർപ്പിക്കാനായി ക്ഷേത്രത്തിന് ആറ് കിലോമീറ്റർ ചുറ്റളവിൽ പുലർച്ചെ മുതൽതന്നെ ഭക്തർ നിരന്നു. 15 ലക്ഷത്തോളം ഭക്തർ കരിക്കകത്ത് പൊങ്കാല അർപ്പിച്ചതായി ക്ഷേത്രട്രസ്റ്റ് ഭാരവാഹികൾ അവകാശപ്പെട്ടു. ക്ഷേത്രത്തിന്പടിഞ്ഞാറ് കൊച്ചുവേളി റെയിൽവേ സ്റ്റേഷൻ, വടക്ക്വേൾഡ്മാർക്കറ്റ്, ഗുഡ്സ് യാർഡ് ഗണപതി ക്ഷേത്രം, കിഴക്ക്ലോർഡ്സ്ഹോസ്പിറ്റൽ, വെൺപാലവട്ടം, ആനയറ, തെക്ക് ചാക്ക റെയിൽവേ ഓവർ ബ്രിഡ്ജ് എന്നീ സ്ഥലങ്ങൾ വരെയാണ് പൊങ്കാല അർപ്പിക്കുവാൻ ഭക്തർ നിന്നിരുന്നത്. പണ്ടാരയടുപ്പിൽ തീകൊളുത്തുമ്പോഴും നിവേദ്യസമയത്തും നടപ്പന്തലിൽ പഞ്ചാരിമേളം അരങ്ങേറി.

ശശി തരൂർ എം.പി, എം.എ. വാഹിദ്എം.എൽ.എ, മേയർ കെ. ചന്ദ്രിക, ട്രിഡ ചെയർമാൻ സി.അജയകുമാർ,ബി.ജെ.പി.നേതാവ് പദ്മകുമാർ എന്നിവർ പൊങ്കാല സമയത്ത് ക്ഷേത്രത്തിലെത്തി. സിനിമാതാരം ചിപ്പി ഉൾപ്പെടെയുള്ളവർ പൊങ്കാല അർപ്പിച്ചു. കഴിഞ്ഞ 28 വർഷമായി ക്ഷേത്രദർശനം നടത്തിവരുന്ന ശിവകുമാർ എന്നയാൾ ചാമുണ്ഡീദേവിക്ക് സ്വർണക്കിരീടം സമർപ്പിച്ചു.

ശ്രീനാരായണ ധർമവേദി കരിക്കകം നോർത്ത് ശാഖയുടെ ആഭിമുഖ്യത്തിൽ അന്നദാനം നടത്തി. അന്നദാനത്തിന്റെ ഉദ്ഘാടനം ധർമവേദി വൈസ് ചെയർമാൻ ഡോ. ബിജുരമേശ് നിർവഹിച്ചു. രാത്രി അത്താഴപൂജയ്ക്കുശേഷം ദേവിയുടെ ഉടവാൾ ഗുരുസി കളത്തിൽ എത്തിച്ച് താന്ത്രിക വിദ്യപ്രകാരം ഗുരുസി നടത്തിയതോടെ ഉത്സവത്തിന് പരിസമാപ്തിയായി.

കരിക്കകം ചാമുണ്ഡീക്ഷേത്രത്തിൽ പൊങ്കാലയർപ്പിക്കാനെത്തിയ ഭക്തജനങ്ങൾ

റോഡ് നന്നാക്കാത്തതിൽ
പ്രതിഷേധിച്ച്
'ശവമഞ്ചയാത്ര' നടത്തി

അരൂർ: പൊട്ടിപ്പൊളിഞ്ഞ റോഡ് സഞ്ചാരയോഗ്യമാക്കാത്തതിൽ പ്രതിഷേധിച്ച് നാട്ടുകാർ 'ശവമഞ്ചംപേറി' ഘോഷയാത്ര നടത്തി. എരമല്ലൂർ-എഴുപുന്ന റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ജനസംരക്ഷണ മുന്നണിയുടെ നേതൃത്വത്തിലായിരുന്നു പ്രതിഷേധം.

ജപ്പാൻകുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പുകൾ സ്ഥാപിക്കാൻ വേണ്ടിയെടുത്ത കുഴികൾ മുതൽ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ രൂപപ്പെട്ട കുണ്ടുംകുഴികളും വരെ നിറഞ്ഞിട്ടും എരമല്ലൂർ-എഴുപുന്ന റോഡ് നന്നാക്കാൻ അധികൃതർ തയ്യാറായിട്ടില്ലെന്ന് സംരക്ഷണമുന്നണി പ്രവർത്തകർ കുറ്റപ്പെടുത്തി.

പ്രതീകാത്മകമായി എഴുപുന്ന കവലയിൽനിന്നാരംഭിച്ച ശവഘോഷയാത്ര പ്രതികരണസമിതി ചെയർമാൻ വി.എം.ജയപ്രകാശ് ഉദ്ഘാടനം ചെയ്തു.

പുഞ്ചയരിയിലെ മായം

വിജിലൻസ് അന്വേഷണം തുടങ്ങി

ആലപ്പുഴ: മായം ചേർത്ത പുഞ്ചയരി റേഷൻ വിതരണത്തിനെത്തിച്ച സംഭവത്തെക്കുറിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിജിലൻസ് വിഭാഗം രഹസ്യാന്വേഷണം തുടങ്ങി. സ്വകാര്യ മില്ലുകളിലെത്തി ഉദ്യോഗസ്ഥർ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തി സീൽ ചെയ്ത പുഞ്ചയരി ചാക്കിൽ എങ്ങനെ മായം ചേർത്ത അരി കലർന്നുവെന്നതിനെക്കുറിച്ചാണ് പ്രധാനമായും അന്വേഷണം ആരംഭിച്ചിട്ടുള്ളതെന്നാണ് വിവരം.

ആലപ്പുഴയിൽ വിതരണത്തിനെത്തിച്ച 500 ചാക്ക് പുഞ്ചയരിയിൽ മായം കണ്ടെത്തിയതിനെ തുടർന്ന് തിരിച്ചയച്ചിരുന്നു. ആലപ്പുഴയിൽ ആറുമാസം മുമ്പ് വിതരണത്തിനെത്തിച്ച അരിയിലും മായം കണ്ടെത്തിയിരുന്നു. ഇതേത്തുടർന്നാണ് വിശദമായ അന്വേഷണം ആരംഭിച്ചിട്ടുള്ളത്. മോശം അരിവിതരണത്തിനെത്തിച്ച സ്വകാര്യമില്ലുകളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായാണ് അന്വേഷണം.

അതേസമയം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആലപ്പുഴ ഡിപ്പോയിൽ അരി ലോഡ് എത്തിത്തുടങ്ങിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ക്ഷാമം ഉടൻ പരിഹരിക്കപ്പെടും. ഈ മാസത്തേക്കുള്ള അരി മുഴുവനും റേഷൻകടക്കാർക്ക് വിതരണം ചെയ്തതായി സിവിൽസപ്ലൈസ് അധികൃതർ വ്യക്തമാക്കി. എന്നാൽ മാർച്ച് മാസത്തിലെ പകുതി വിഹിതം കിട്ടാനുണ്ടെന്നാണ് റേഷൻ വ്യാപാരികൾ ആവർത്തിക്കുന്നത്.

ഭവനരഹിത കൂട്ടായ്മ: പായയും തലയണയുമായി പ്രകടനം നടത്തി

കൊച്ചി: ഇഎംഎസ് ഭവനപദ്ധതി നടപ്പാക്കുന്നതിനു വേണ്ടി അധികൃതർ തയ്യാറാക്കിയ ലിസ്റ്റിൽ ബഹുഭൂരിപക്ഷംവരുന്ന അർഹതയുള്ള കുടുംബങ്ങളെയും ഒഴിവാക്കി അനർഹരെ ഉൾപ്പെടുത്തിയതിൽ പ്രതിഷേധിച്ച് കേരള ഭവനരഹിത കൂട്ടായ്മയുടെ നേതൃത്വത്തിൽ ഗാന്ധിപ്രതിമയുടെ മുമ്പിൽനിന്ന് പായയും തലയിണയുമായി പ്രകടനം നടത്തി. തുടർന്ന് കൊച്ചിൻ കോർപ്പറേഷനുമുമ്പിൽ ധർണയും നടത്തി.

ജനിച്ച മണ്ണിൽ താമസിക്കുവാനായി സ്വന്തമായി ഒരുതുണ്ട് ഭൂമി മനുഷ്യവർഗത്തിന്റെ ജന്മാവകാശമായി അംഗീകരിച്ച് വരുംതലമുറയ്ക്കും മണ്ണിൽ അവകാശം ലഭിക്കുന്നതിന് പാർപ്പിട നയം രൂപവത്കരിക്കുക, ഭൂമികച്ചവടം അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു ധർണയും പ്രകടനവും.